18

# പാലസ്തീനിന്റെ എല്ലാ ഭാഗത്തുമുള്ള അവസാന ശുശ്രൂഷ

## കൂടാരപ്പെരുന്നാൾ മുതൽ ബെഥാന്യയിൽ എത്തുന്നതുവരെ

ഒക്ടോബർ മുതൽ ഏപ്രിൽ വരെ, പ്രത്യേകമായി പെസഹക്കു ആറുദിവസം മുൻപുവരെ, ആറുമാസം നീനിന്നതായിരുന്നു ആ കാലത്തെ യേശുവിന്റെ ശുശ്രൂഷ. കഴിഞ്ഞ ആറുമാസത്തിലേതുപോലെ, യേശു ഒരു അഭയാർത്ഥിയായിരുന്നു. യെരുശലേമിൽ അവൻ വിജയിക്കുന്നതായി നാം കാണും; യെഹൂദ്യാ നാട്ടിൻപുറത്തും; യെരുശലേമിൽ വീും; പെറിയയിലും; യെരുശലേമിന് അടുത്തുള്ള ബേഥാന്യയിൽ; പെറിയയിൽ; വീും ബെഥാന്യയിൽ; ഒരിക്കൽ കൂടെ പെറിയയിൽ, ഗലീലി ശമര്യ തുടങ്ങിയ സ്ഥലത്തുകൂടെ യാത്ര ചെയ്യുകയും, അവസാനം യെരുശലേമിന്റെ അടുത്ത സ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു.

1. **യെരുശലേമിൽ; കൂടാരപ്പെരുന്നാൾ** (യോഹന്നാൻ 7:10; 10:20). – അവിടെ, യെരുശലേമിലെ സാധാരണ സന്ദർശനം പോലെ, നമ്മുടെ അധികാരി യോഹന്നാനാണ്. അവൻ ഗലീലി വിട്ടുപോകുന്നതിനുമുൻപ്, യേശുവിന്റെ ബന്ധുക്കൾ *പെരുന്നാളിന് പോകുന്ന* സംഘത്തോടുചേരുവാൻ അപേക്ഷിച്ചു, പിന്നെ അവിടെ, ദേശത്തിന്റെ തലസ്ഥാനത്ത്, അവന്റെ മിശിഹാത്വത്തെ പ്രഖ്യാപിക്ക എന്നു പറഞ്ഞു. എന്നാൽ യേശുവിന്ന് അവന്റേതായ പദ്ധതികൾ ഉായിരുന്നു. തന്റെ സ്നേഹിതന്മാരുടെ പ്രാകൃത പ്രത്യാശയോടുചേർന്ന് അവരെ അപകടത്തിലാക്കുവാനും, അല്ലെങ്കിൽ തന്റെ ശത്രുക്കളോടു ഏറ്റുമുട്ടുവാനോ തിരക്കിട്ട് അപക്വമായി പ്രവർത്തിപ്പാനോ തുനിഞ്ഞില്ല. അപ്പോഴും പെസഹക്ക് ആറുമാസങ്ങൾ ഉായിരുന്നു; *പിന്നെ* അവൻ ലോകത്തിന്റെ വാസ്തവത്തിലുള്ള പെസഹയായി സ്വയമായി എത്തിച്ചുകൊടുത്തു. അതുകൊു അവന്റെ ബന്ധുക്കൾ, അവൻ പിൻപറ്റുമെന്നറിയാതെ ജനക്കൂട്ടത്തിനൊപ്പം പെരുന്നാളിനു പോയി. യെരുശലേമിൽ ചുറ്റോടുചുറ്റ് മന്ത്രിച്ചിരുന്ന ഒരു ചോദ്യമുായിരുന്നു: "*അവൻ* എവിടെ?" അവസാനം, പെരുന്നാളിന്റെ മദ്ധ്യത്തിൽ, യേശു രഹസ്യമായി യെരുശലേമിൽ വന്ന്, നേരെ ദൈവാലയത്തിൽ പ്രവേശിച്ച്, ഉപദേശിപ്പാൻ തുടങ്ങി. റബ്ബിമാരുടെ സ്കൂൾ ഭാഷ അവൻ സംസാരിക്കുന്നില്ല എന്ന അപമാനം അവർ അവനിൽ ചെലുത്തിയിരുന്നു; എന്നാൽ അവൻ നിർഭയനായിരുന്നു. ഒരു സംഭവം വിവരിച്ചിരിക്കുന്നു – അതായത് വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീ.[1] ഒരത്ഭുതം സംഭവിച്ചു – പിറവിയിലെ കുരുടനായിരുന്നവനെ സൗഖ്യമാക്കി, അതിനു വലിയ എതിർപ്പുായി കാരണം അതു നടന്നത് ശബ്ബത്തിലായിരുന്നു. യെഹൂദന്മാർ അവനെ കല്ലെറിയുവാൻ അന്വേഷിക്കുകയുായി. നല്ല ഇടയൻ എന്ന മനോഹരമായ പ്രയോഗം, യേശു

തന്റെ ആടുകൾക്കുവേി സ്വയമായി മരിക്കുകയും, ഉയർക്കുകയും ചെയ്യുന്നതിലൂടെ ആയിരുന്നു.

**2. യെഹൂദ്യ ജില്ലകളുടെ നാട്ടിൻപുറത്ത്.** – യെരുശലേമിലെ യെഹൂദന്മാരുടെ ഗൂഢാലോചനകൾ നടക്കുന്നതിനുമുൻപ്, യേശു നഗരത്തിനടുത്ത് ഏതാനും ആഴ്ചകൾ ചിലവഴിച്ചു. ആ സമയത്ത് ഒരത്ഭുതം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു – മറ്റൊരു ശബ്ദത്ത് സൗഖ്യമാക്കൽ; എന്നാൽ അവൻ അത്ഭുതകരവും സമ്പന്നവുമായ നിർദ്ദേശങ്ങൾ പകർന്നുകൊടുത്തു. അതിന്റെ ഭാഗങ്ങൾ, മാതൃകാ പ്രാർത്ഥനയിലേതുപോലെയും, കടുകുമണിയുടെയും, പുളിച്ച മാവിന്റെയും ഉപമ പോലെയും, ഗലീലിയയിലെ മുൻപിലത്തെ പാഠങ്ങൾ പോലെ ആവർത്തിക്കുകയായിരുന്നുവെന്ന് തോന്നുന്നു. ര് മനോഹര ഉപമകൾ – ധനവാനായ മൂഢനും നല്ല ശമര്യക്കാരനും – പുതിയതും, ലൂക്കൊസിനു പരിചയമുള്ളതും ആയതുകൊ്, ആ രുമാസത്തെ ചരിത്രത്തിന് നാം അവനോടു കടപ്പെട്ടിരിക്കുന്നു.

എന്നാൽ യേശു ചെയ്യാൻ കഴിയുമായിരുന്ന വ്യക്തിപരമായ സുവിശേഷത്തിൽ മാത്രം തൃപ്തനായിരുന്നില്ല. സമയം ചുരുക്കമായിരുന്നു, ചെയ്യുവാൻ അധികമുായിരുന്നു. ഗലീലിയയിലേതുപോലെ അവൻ പന്തിരുവരെ അയച്ചു, അങ്ങനെ ഇപ്പോൾ യെഹൂദ്യയിൽ അവൻ എഴുപതുപേരെ അയക്കുന്നു. അവരെ പഴയ സന്ദേശവുമായിട്ടാണ് അയക്കുന്നത്: "രാജ്യം സമീപമായിരിക്കകൊ്, മാനസാന്തരപ്പെടുവിൻ."[2]

ഈ കാലത്താണ് നാം ആദ്യമായി ബേഥാന്യയിലെ രു സഹോദരിമാരെ പരിചയപ്പെടുന്നത് (ലൂക്കൊസ് 10:38–42): യജമാനന്റെ കാൽക്കീഴിൽ ഇരുന്നു, മറിയയും "ജോലിഭാരത്താൽ കലങ്ങിയ"[3] മാർത്തയും.

**3. യെരുശലേമിൽ; പ്രതിഷ്ഠോത്സവം** (യോഹന്നാൻ 10:22–42). – നമ്മുടെ ഡിസംബർ മാസത്തിൽ, കൂടാരപ്പെരുന്നാൾ കഴിഞ്ഞ് രുമാസത്തിനുശേഷം, യേശു പ്രതിഷ്ഠോത്സവത്തിന് യെരുശലേമിലേക്ക് മടങ്ങിപ്പോയി. ശലോമോന്റെ മണ്ഡപത്തിൽ വെച്ച് യെഹൂദന്മാർ അവനെ കുമുട്ടി, അവൻ മശിഹയാണോ അല്ലയോ എന്ന് വ്യക്തമായി പറയുവാൻ ആവശ്യപ്പെട്ടു. അവന്റെ ജീവിതവും ശുശ്രൂഷയും സംബന്ധിച്ച തെളിവുകൾ കാണാൻ സാധിക്കാത്ത അന്ധരായവർ എന്ന് അറിഞ്ഞുകൊു, യേശു അതിന് നേരിട്ട് ഉത്തരം പറഞ്ഞില്ല. ഒരിക്കൽ കൂടെ അവനെ എറിവാൻ അവർ കല്ലെടുത്തു. ഒരിക്കൽ കൂടെ കഫർന്നഹൂമും ഗലീലിയും, അവന്ന് വാതിലടച്ചതുപോലെ, യെരുശലേമും യെഹൂദ്യയും അടച്ചുകളഞ്ഞു. ഒരു പ്രദേശം അപ്പോഴും അവന്ന് തുറന്നിരുന്നു, അത് പകുതി-ജാതീയമായിരുന്ന യോർദ്ദാന്ന് അപ്പുറമായ പെറിയ ആയിരുന്നു; അവിടേക്ക് യേശു മുഖം തിരിച്ചു.

**4. ബെഥാന്യയിൽ; ലാസറിനെ ഉയിർപ്പിക്കുന്നു** (യോഹന്നാൻ 11:1–54). – യേശുവിന്റെ പെറിയയിലെ ശുശ്രൂഷ ലാസറിന്റെ മരണത്താൽ തടസ്സപ്പെടുത്തി. ബെഥാന്യയിലെ ആ ചെറുകൂട്ടത്തെ കൂടുതലായി നാം അടുത്തറിയും. യേശുവിന്റെ വലിയ ഹൃദയം ലോകത്തെ നേടി; എങ്കിലും പ്രത്യേക മമതയോടെ അവൻ "മാർത്തയെയും അവളുടെ സഹോദരി മറിയയെയും ലാസറിനെയും സ്നേഹിച്ചിരുന്നു."[4] രേഖപ്പെടുത്താത്ത പല സന്ദർശനങ്ങളും അവൻ ആ ഭവനത്തിൽ നടത്തിയിരിക്കണം. തന്റെ സ്നേഹിതൻ മരിച്ച് സഹോദരിമാർ ദുഃഖിതരാകുന്നതുവരെ, പെറിയയിൽ അവനു വലിയ കുഴപ്പം

ഇല്ലായിരുന്നു. നൂറുകണക്കിന് ആളുകളെ സുഖപ്പെടുത്തിയവൻ അവിടേക്കുചെന്ന് അവനെ സുഖപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ *അവർക്ക്* അത് എത്ര നഷ്ടമാകുമായിരുന്നു! ഒടുവിൽ അവൻ വന്നു, അവരോടുകൂടെ കരയുവാനും, അവരെ ഹൃദയം നുറുങ്ങി അവരുടെ വിശ്വാസം ഏറ്റുപറയുന്നതിനും, ആ ദുഃഖിക്കുന്ന ആത്മാക്കളോടുചേർന്ന് ഇങ്ങനെ സംസാരിക്കുവാനും: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു,"[5] അങ്ങനെ തന്റെ വാക്കുകൾ പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തു. യേശുവിനെ പെറിയയിൽ നിന്ന് വിളിച്ച് വരുത്തുന്നതിനെ കുറിച്ചും ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുന്നതിനെ സംബന്ധിച്ചും വിവരിക്കുന്ന അദ്ധ്യായം ലോകത്തിന് ഒരിക്കലും നഷ്ടപ്പെടുത്താവുന്നതല്ല.

യെരുശലേമിനടുത്ത് നടന്ന ആ ആശ്ചര്യം ജനിപ്പിക്കുന്ന അത്ഭുതം ആളുകളെ ഉദ്യോദിപ്പിക്കുന്നതായിരുന്നു. അനേകർ അവനിൽ വിശ്വസിച്ചു; എന്നാൽ സ്വർഗ്ഗത്തിലെയോ ഭൂമിയിലെയോ ഒരു ശക്തിക്കും കാപട്യക്കാരായ പരീശന്മാരെയോ അല്ലെങ്കിൽ കൗശലക്കാരായ സദൂക്യരെയോ വിശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. എല്ലാ വാക്കുകളും അനേക ചോദ്യങ്ങളിലേക്ക് വിരൽചൂി, ഈ അപകടകരമായ അത്ഭുതത്തിൽ അവർ ഒരു പൊതുവായ കാരണത്തിലെത്തി. മഹാപുരോഹിതനായ, കയ്യഫാവിന്റെ, ന്യായാധിപസഭ വിളിച്ചു അവന്റെ മരണത്തിനായി കല്പന പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. ജീവിക്കുന്ന ലാസർ ഉത്തരം കത്തൊനാകാത്ത വാദഗതി ഉയർത്തുന്നതാകയാൽ, അവനെയും മരണശിക്ഷക്ക് ഏൽപ്പിക്കണമെന്ന സംസാരവും ഉയർന്നു. അതുകൊു യേശു എഫ്രയിമിലേക്ക് പിൻവാങ്ങുകയും, അവിടെ നിന്ന് ഒരിക്കൽ കൂടെ പെറിയയിലേക്കും പോയി, ആ യാത്ര ഒരുപക്ഷെ ശമര്യയിലും തെക്കേ ഗലീലിയിലും കൂടെ ആയിരുന്നേക്കാം.

5. **പെറിയയിലെ ശുശ്രൂഷ** (ലൂക്കൊസ് 13:22–17:10; മത്താ. 19–20:28). – പെറിയയിൽ യേശു പ്രവേശിച്ചത് താരതമ്യേന ഒരു പുതിയ സ്ഥലത്തായിരുന്നു. അത് യോഹന്നാൻ ശുശ്രൂഷിച്ച ആദ്യ സ്ഥലമായിരുന്നു (യോഹന്നാൻ 10:40; *ഒ.വാ.* 1:28); യോഹന്നാൻ വിതെച്ച സ്ഥലത്ത് യേശു കൊയ്യുക ആയിരുന്നു എന്നു പറയാം, കാരണം അവന്റെ അവിടുത്തെ പ്രവൃത്തി ഗലീലയിലെ ആദ്യ വിജയം പോലെ ആയിരുന്നു (യോഹന്നാൻ 10:41, 42). പെറിയയിൽ ഒരു അത്ഭുതം നടന്നു എന്നത് സംശയകരമാണ്; എന്നാൽ മൃദുവായ പ്രത്യേക ഉത്സാഹത്തോടുകൂടിയ ഉപദേശങ്ങൾ നടന്നിരുന്നതായി നമുക്കറിയാം. അവിടെ വെച്ചായിരുന്നു രാമത്തെ ഒരു കൂട്ടം ഉപമകൾ സംസാരിച്ചത്, അത് ലൂക്കൊസ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു: വലിയ അത്താഴം, കാണാതെ പോയ ആട്,[6] കാണാതെ പോയ നാണ്യം, മുടിയനായ പുത്രൻ, അനീതിയുള്ള കാര്യവിചാരകൻ, ധനവാനും ലാസറും, അസഹ്യപ്പെടുത്തുന്ന വിധവ, ചുങ്കക്കാരനും പാപിയും. മത്തായി തോട്ടത്തിലെ വേലക്കാരുടെ സംഭവം ചേർത്തിരിക്കുന്നു. ക്രിസ്തു ശിശുക്കളെ അനുഗ്രഹിക്കുന്നതിനെയും ധനികനായ യുവാവിനെ കുറിച്ചുള്ളതും, എല്ലാ സംക്ഷുപ്ത വിവരണക്കാരും പറഞ്ഞിരിക്കുന്നു. അവർ യോർദ്ദാനും യെരുശലേമിനും അടുത്തപ്പോൾ ആയിരുന്നു, യാക്കോബും യോഹന്നാനും, യേശുവിന്റെ ഇടത്തും വലത്തും ആകുവാൻ അപേക്ഷിച്ചത്. അവർ കിരീടങ്ങളായിരുന്നു സ്വപ്നം കത്; അവനോ ക്രൂശിനെ ആയിരുന്നു നോക്കിയിരു

ന്നത്. പെറിയ പിന്നിൽ വിട്ടുകൊു, യേശു യോർദ്ദാൻ കടന്ന് യെരിഹോവിനടുത്തുള്ള സാധാരണ കടത്തുകടന്നുപോയി. അവൻ പഴയ പട്ടണം കടന്നുപോയപ്പോൾ, കുരുടനായിരുന്ന ബെർത്തിമായിക്ക് കാഴ്ച്ച ലഭിക്കുകയും ചുങ്കക്കാരനായിരുന്ന സക്കായി ക്രിസ്തുവിന്റെ ദൗത്യത്താൽ ആന്തരിക സൗഖ്യം പ്രാപിക്കുകയും ചെയ്തു. കുന്നുകൾ കയറി, യേശു പെസഹക്കു ആറു ദിവസം മുൻപ് ബെഥാന്യ എന്ന ഉൾനാടൻ ഗ്രാമത്തിൽ എത്തി. നീ യാത്രകൾ കഴിഞ്ഞു; അവസാനം അടുത്തിരിക്കുന്നു.

---

കുറിപ്പുകൾ

[1]ആ സംഭവം പുരാതന കയ്യെഴുത്തുപ്രതികളിലേതാണ്, എന്നാൽ ഒരുപക്ഷെ യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഗമായില്ലെങ്കിൽ പോലും, ചരിത്രപരമാകാം. [2]മത്താ. 3:2; 4:17; കൂടാതെ നോക്കുക മർക്കൊസ് 1:14, 15. [3]ലൂക്കൊസ് 10:40. [4]യോഹന്നാൻ 11:5. [5]യോഹന്നാൻ 11:25. [6]കൂടാതെ മത്താ. 18:12–14 ലും പറഞ്ഞിരിക്കുന്നു.